(സി) രാജീവ്ഗാന്ധി ഗ്രാമീൺ വൈദ്യുതീകരൺ യോജനയുടെ (RGGVY) പാക്കേജ് പ്രകാരം 33/11 കെ. വി., 66/11 കെ. വി. സബ്സ്റ്റേഷനുകളുടെ നിർമ്മാണത്തിനുള്ള അനുമതി മാത്രമേ ലഭിക്കുകയുള്ളൂ. അതിനാൽ 110 കെ. വി. സബ് സ്റ്റേഷന്റെ നിർമ്മാണം ഈ പദ്ധതിയിൽ ഉൾപ്പെടുത്തുവാൻ സാധിക്കുകയില്ല.

വൈദ്യുതി ബോർഡിലെ നിയമനം

184 [1126] *ശ്രീ. എ. കെ. ബാലൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) യു. ഡി. എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഗാർഹിക ഗാർഹികേതര വൈദ്യുത ഉപഭോക്താക്കൾക്ക് എത്ര പ്രാവശ്യം വൈദ്യുതി ചാർജ്ജ് വർദ്ധിപ്പിച്ചിട്ടുണ്ട്; യൂണിറ്റിന് എത്ര ശതമാനം വച്ചാണ് വർദ്ധിപ്പിച്ചത്;

(ബി) മറ്റെന്തെല്ലാം അധിക ചാർജ്ജുകളാണ് ഉപഭോക്താവിൽനിന്ന് ഈടാക്കിക്കൊണ്ടിരിക്കുന്നത്; പ്രസ്തുത ചാർജ്ജുകൾ എന്നു മുതലാണ് ഈടാക്കുന്നത്;

(സി) വൈദ്യുതി റഗുലേറ്ററി കമ്മീഷൻ വൈദ്യുതി ചാർജ്ജ് സംബന്ധിച്ച് ഏതെല്ലാം പുതിയ നിർദ്ദേശങ്ങളാണ് ബോർഡിന് സമർപ്പിച്ചിട്ടുള്ളത്; ഇതു സംബന്ധിച്ച് ബോർഡ് എന്തു നടപടികൾ സ്വീകരിച്ചു;

(ഡി) വൈദ്യുതി ചാർജ്ജ് വർദ്ധനവ് സംബന്ധിച്ച് വൈദ്യുതി റഗുലേറ്ററി കമ്മിഷൻ എന്തെങ്കിലും നിർദ്ദേശം സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ അതിൻമേൽ എന്തു തീരുമാനമാണ് സർക്കാരും ബോർഡും കൈക്കൊണ്ടിട്ടുള്ളത്?

ഉത്തരം

(എ) 8/2001 മുതലും 10/2002 മുതലും രണ്ടു പ്രാവശ്യം യഥാക്രമം 25%-വും 20%-വും വൈദ്യുതി ചാർജ്ജ് വർദ്ധിപ്പിക്കുകയുണ്ടായി.

(ബി) 1-5-2002 മുതൽ എൽ. റ്റി. ഉപഭോക്താക്കളിൽനിന്നും താഴെ പറയും പ്രകാരം പ്രതിമാസ മീറ്റർ വാടക ഈടാക്കിവരുന്നുണ്ട്:

(1) സിംഗിൾ ഫേസ് മീറ്ററോടുകൂടിയുള്ള സർവ്വീസ് കണക്ഷൻ — രൂപ 10

(2) 3 ഫേസ് മീറ്റർ (20 ആമ്പിയർ കപ്പാസിറ്റി വരെ) — രൂപ 20

(3) 3 ഫേസ് മീറ്റർ (20 ആമ്പിയറിനു മുകളിൽ 30 ആമ്പിയർ കപ്പാസിറ്റി വരെ) — രൂപ 50

(4) 3 ഫേസ് മീറ്റർ (30 ആമ്പിയറിനു മുകളിൽ കപ്പാസിറ്റി ഉള്ളതും സി. റ്റി മീറ്ററിനും) — രൂപ 75.

GPM. 2/567/2012—28

LIBRARY ARCHIVES Kerala Legislative Assembly

1-1-2004 മുതൽ മുകളിൽ പറഞ്ഞ മീറ്റർ വാടക താഴെ പറയും പ്രകാരം പുനഃക്രമീകരിച്ചിട്ടുണ്ട്:

(1) സിംഗിൾ ഫേസ് മീറ്റർ — രൂപ 10

(2) 3 ഫേസ് മീറ്റർ — രൂപ 20

(3) 3 ഫേസ് മീറ്റർ — രൂപ 75.

(സി) നിലവിലുള്ള ക്രോസ് സബ്സിഡികൾ ക്രമേണ ഒഴിവാക്കുന്നതിനും യഥാർത്ഥ ചെലവിനെ അടിസ്ഥാനപ്പെടുത്തി താരിഫ് നിശ്ചയിക്കുന്നതിനും വേണ്ടി കമ്മിഷൻ നടത്തിയിട്ടുള്ള പഠനത്തിന്റെ ഫലം ഉറപ്പാക്കുന്നതിന് ആവശ്യമായ അടിസ്ഥാന വിവരങ്ങൾ കമ്മിഷന് സമർപ്പിക്കണമെന്ന് ബോർഡിനോട് നിർദ്ദേശിച്ചിട്ടുണ്ട്. ഈ നിർദ്ദേശം കണക്കിലെടുത്ത് ഓരോ വിഭാഗം ഉപഭോക്താക്കൾക്കും വൈദ്യുതി എത്തിക്കുന്നതിന് ബോർഡ് വഹിക്കേണ്ടിവരുന്ന ചെലവ് സംബന്ധിച്ച് ബോർഡ് ഒരു പഠനം നടത്തിവരികയാണ്.

(ഡി) വൈദ്യുതി ചാർജ്ജ് വർദ്ധനവ് സംബന്ധിച്ച് വൈദ്യുതി റഗുലേറ്ററി കമ്മിഷൻ നിർദ്ദേശമൊന്നും സമർപ്പിച്ചിട്ടില്ല.

ആളോഹരി വൈദ്യുതി ഉപഭോഗം

185 [1127] *ശ്രീമതി ഗിരിജാ സുരേന്ദ്രൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആളോഹരി വൈദ്യുതി ഉപഭോഗം എത്ര;

(ബി) അഖിലേന്ത്യാടിസ്ഥാനത്തിൽ ശരാശരി ആളോഹരി വൈദ്യുതി ഉപഭോഗത്തിന്റെ കാര്യത്തിൽ കേരളം എത്രാമത്തെ സ്ഥാനത്താണെന്ന് വിശദമാക്കുമോ;

(സി) ആളോഹരി വൈദ്യുതി ഉപഭോഗം വർദ്ധിപ്പിക്കുവാൻ എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് ആളോഹരി വൈദ്യുതി ഉപഭോഗം 2004-2005-ൽ 401 യൂണിറ്റാണ്.

(ബി) 2003-2004-ൽ കേന്ദ്ര ഇലക്ട്രിസിറ്റി അതോറിറ്റിയുടെ കണക്കനുസരിച്ച് കേരളത്തിന്റെ ആളോഹരി ഉപഭോഗം 386.20 യൂണിറ്റാണ്. കേരളം 26-ാം സ്ഥാനത്താണ്.

LIBRARY ARCHIVES Kerala Legislative Assembly